(ബി) ഇല്ല. നടപ്പുവർഷം 100 സംഘങ്ങൾക്ക് ശരാശരി ഒരു ലക്ഷം രൂപ വീതം ഓഹരി പങ്കാളിത്തം നൽകാൻ ബഡ്ജറ്റിൽ തുക വക കൊള്ളിച്ചിട്ടുണ്ട്.

(സി) ഉണ്ട്. സംസ്ഥാന സർക്കാർ 2002-2003 വർഷത്തിൽ ആരംഭിച്ച സ്കിൽ അപ്ഗ്രഡേഷൻ ട്രെയിനിംഗ് പ്രോഗ്രാം എന്ന പദ്ധതി പ്രകാരം വീവിംഗ്, ഡൈയിംഗ്, ഡിസൈൻ ഡെവലപ്പ്മെന്റ് എന്നീ ഇനങ്ങളിലായി 380 പേർക്ക് പരിശീലനം നൽകി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്സ്റ്റയിൽ ടെക്നോളജി, കണ്ണൂർ 2002-2003, 2003-2004 വർഷങ്ങളിൽ 147 പേർക്ക് പരിശീലനം നൽകി. ദീൻദയാൽ കൈത്തറി വികസന പദ്ധതി പ്രകാരം 239 സംഘങ്ങളിൽ നിന്ന് 5975 നെയ്ത്തുകാർക്ക് നെയ്ത്തിൽ പരിശീലനം നൽകിവരുന്നു. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച 2004 ഫെബ്രുവരി മാസം മുതൽ നടപ്പാക്കിത്തുടങ്ങിയ ഇന്റഗ്രേറ്റഡ് ഹാൻഡ്ലൂം ട്രെയിനിംഗ് പ്രോജക്ട് പ്രകാരം 240 പേർക്ക് പരിശീലനം നൽകിവരുന്നു.

കൈത്തറി സഹകരണ സംഘങ്ങൾക്ക് ലഭിക്കാനുള്ള തുക

8 [1302] ശ്രീ. എ. സി. ഷൺമുഖദാസ്:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. സി. കെ. നാണു:
,, കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങൾക്ക് എത്ര തുക ഗവൺമെന്റിൽ നിന്നും (ഹാൻടെക്സിൽ നിന്നും മറ്റും) ലഭിക്കാനുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങൾക്ക് ഹാൻടെക്സിൽ നിന്നും മറ്റും തുക ലഭിക്കാത്തതുമൂലം അനേകം ആളുകൾക്ക് തൊഴിൽ നഷ്ടപ്പെടുന്നതിന് പരിഹാരം കാണാൻ എന്തു നടപടികൾ സ്വീകരിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്;

(സി) സംസ്ഥാന ഗവൺമെന്റ് ഈ മേഖലയുടെ പുരോഗതിക്ക് ഇതുവരെ എന്തു തുക അനുവദിച്ചു;

(ഡി) കേന്ദ്ര ഗവൺമെന്റ് അനുവദിച്ച ഏതെങ്കിലും തുക സൊസൈറ്റികൾക്ക് നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൈത്തറി സഹകരണ സംഘങ്ങൾക്ക് തുണി സംഭരിച്ച വകയിൽ ഹാൻടെക്സ് 20.91 കോടി രൂപ നൽകാനുണ്ട്. റിബേറ്റ് ഇനത്തിൽ 7 കോടി രൂപയും നൽകാനുണ്ട്.

(ബി) തുണി സംഭരിച്ച വകയിൽ ഹാൻടെക്സ് നൽകാനുള്ള തുക നൽകുന്നതിന് നിലവിലുള്ള സ്റ്റോക്ക് വിറ്റഴിക്കേണ്ടതുണ്ട്. ഇതിനായി മാർക്കറ്റിംഗ് ഇൻസെന്റീവ്, റിബേറ്റ്, സ്പെഷ്യൽ റിബേറ്റ് എന്നിവ ലഭ്യമാക്കുന്നുണ്ട്. ഇത്

LIBRARY ARCHIVES Kerala Legislative Assembly

ഫലപ്രദമായി പ്രയോജനപ്പെടുത്തി കെട്ടിക്കിടക്കുന്ന വസ്ത്രങ്ങൾ വിറ്റഴിച്ച് പ്രാഥമിക സംഘങ്ങൾക്ക് നൽകാനുള്ള തുക കഴിയുന്നത്ര വേഗം നൽകണമെന്ന് നിർദ്ദേശം നൽകുന്നതാണ്.

(സി) കഴിഞ്ഞ മൂന്നു വർഷത്തിൽ 84.58 കോടി രൂപ ചെലവഴിച്ചു. ഇതിൽ 58.29 കോടി രൂപ സംസ്ഥാന വിഹിതമാണ്.

(ഡി) മാർക്കറ്റിംഗ് ഡവലപ്മെന്റ് അസിസ്റ്റൻസ്, റിബേറ്റ്, സെൻ വാറ്റ് പദ്ധതി എന്നീ ഇനങ്ങളിൽ കേന്ദ്ര സർക്കാർ അനുവദിച്ച 298.88 ലക്ഷം രൂപ സംഘങ്ങൾക്കും ഹാൻഡെക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്കും നൽകാനുണ്ട്.

റെഡിമെയ്ഡ് വസ്ത്രങ്ങളുടെയും തുണിത്തരങ്ങളുടെയും കയറ്റുമതി

9 [1303] ശ്രീ. ജോർജ് ജെ. മാത്യു:
,, ടി. യു. രാധാകൃഷ്ണൻ :
ശ്രീമതി. മാലേത്ത് സരളാദേവി:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്ന് റെഡിമെയ്ഡ് വസ്ത്രങ്ങളും തുണിത്തരങ്ങളും കയറ്റുമതി ചെയ്യപ്പെടുന്നുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ വർഷം എന്തു തുകയ്ക്കുള്ള തുണിത്തരങ്ങളും റെഡിമെയ്ഡ് വസ്ത്രങ്ങളുമാണ് കയറ്റുമതി ചെയ്തത്;

(സി) ഏതെല്ലാം രാജ്യങ്ങളിലേക്കാണ് ഇവ കയറ്റി അയച്ചത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) യു. എസ്. എ., യൂറോപ്യൻ രാജ്യങ്ങൾ, കാനഡ എന്നീ രാജ്യങ്ങളിലേക്ക്.

കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

10 [1305] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തൊഴിലാളികൾ ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly